പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1199 12.07.2016 ൽ മറുപടിക്ക്

## ഗതാഗത കുരുക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. യു. പ്രതിഭാ ഹരി | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം പട്ടണത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗതകുരുക്കിന് പരിഹാരമായി വിവിധ ജംഗ്ഷനുകളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | കായംകുളം പട്ടണത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗത കുരുക്കിനു പരിഹാരമായി വിവിധ ജംഗ്ഷനുകളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ ഗതാഗത കുരുക്ക് സംബന്ധിച്ച വിഷയം ട്രാഫിക് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ കായംകുളം മുനിസിപ്പാലിറ്റി ആവശ്യമായ നടപടി സ്വീകരിക്കും എന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന സംസ്ഥാന സുരക്ഷാ അതോറിറ്റിക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ